Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ. കെ. എം. റഫീക്ക് ഫയൽ ചെയ്ത **WP(C)** 12957/13- വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ബി) വകുപ്പ്

സ.ഉ (സാധാരണ) നം 2144/2013/തസ്വഭവ തിരുവനന്തപുരം, തീയതി 21.08.13

---

പരാമർശം:- 1) ശ്രീ.കെ. എം. റഫീക്കിന്റെ 12.4.13-ലെ അപേക്ഷ

2) **WP(C)** 12957/13- നമ്പർ കേസിന്റെ 23.5.13-ലെ വിധിന്യായം

3) പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിയുടെ 27.7.13-ലെ ബി എ/237/ 12-13 നമ്പർ കത്ത്

4) ചീഫ് ടൗൺ പ്ലാനറുടെ 7.8.13-ലെ സി1-4012/13 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. കെ. എം. റഫീക്ക് കാരോത്തുകുടി വീട്, അല്ലപ്ര, പെരുമ്പാവൂർ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)** 12957/13-ന്റെ പരാമർശം രണ്ട് പ്രകാരമുള്ള വിധിന്യായത്തിൽ പരാതിക്കാരനായ ശ്രീ. കെ. എം. റഫീക്കിന്റെ പരാമർശം ഒന്ന് പ്രകാരമുള്ള അപേക്ഷ (**ExtP4**) രണ്ട് മാസത്തിനുള്ളിൽ പരിശോധിച്ച് തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു: ഹൈക്കോടതി 2-ാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി.

2. പെരുമ്പാവൂർ നഗരസഭയിൽ ബ്ലോക്ക് നമ്പർ 63-ലെ സർവ്വേ നമ്പർ 87/2-ൽ ഉൾപ്പെട്ട സ്ഥലത്തുള്ള വാണിജ്യ നിർമ്മാണത്തിന്റെ പുതിയതായി നിർമ്മിച്ച കടമുറികൾക്ക് നമ്പർ അനുവദിക്കണം എന്നതാണ് പരാമർശം ഒന്ന് പ്രകാരമുള്ള അപേക്ഷയിലെ (**Ext P4**) ആവശ്യം.

3. പരാമർശ നിർമ്മാണ സ്ഥലം പെരുമ്പാവൂർ നഗരസഭയുടെ അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ ഏരിയായിൽ ഉൾപ്പെടുന്നതിനാൽ 50 ചതുരശ്ര മീറ്റർ വരെയുള്ള കടമുറികൾക്ക് മാത്രമേ അനുവാദം നൽകുവാൻ കഴിയുകയുള്ളുവെന്നും ആയതിനാലാണ് ബാക്കി മുറികൾക്ക് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ കഴിയാത്തതെന്നും പരാമർശം മൂന്ന് പ്രകാരം പെരുമ്പാവൂർ നഗരസഭാ സെക്രട്ടറി സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. എന്നാൽ പരാമർശ സ്ഥലം മാസ്റ്റർ പ്ളാൻ പ്രകാരം സബ്സെൻറർ (Mixed Zone)-ൽ ഉൾപ്പെടുന്നുവെന്നും മാസ്റ്റർ പ്ളാൻ പ്രകാരം പരാമർശം ഒന്നിലെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വാണിജ്യ കെട്ടിട നിർമ്മാണം അനുവദനീയമാണെന്നും പരാമർശം നാല് പ്രകാരം ചീഫ് ടൗൺ പ്ളാനർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പെരുമ്പാവൂർ നഗരസഭയിൽ ബ്ളോക്ക് നമ്പർ 63-ലെ സർവ്വേ നമ്പർ 87/2 ൽ ഉൾപ്പെട്ട സ്ഥലം പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ളാൻ പ്രകാരം സബ്സെൻറർ (Mixed Zone)-ൽ ഉൾപ്പെടുന്നുവെന്നും വാണിജ്യ കെട്ടിട നിർമ്മാണം അനുവദനീയമാണെന്നും ചീഫ് ടൗൺ പ്ളാനർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീ. കെ. എം. റഫീക്ക് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന വാണിജ്യ കെട്ടിട നിർമ്മാണത്തിന് മറ്റു ദകെട്ടിട നിർമ്മാണ ചട്ട ലംഘനങ്ങൾ ഇല്ലാത്ത പക്ഷം ഒക്യുപ്പെൻസി സർട്ടിഫിക്കറ്റും/ കെട്ടിട നമ്പറും അനുവദിക്കുവാൻ പെരുമ്പാവൂർ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം രണ്ടിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി.മധു
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ. എം. റഫീക്ക്
കാരോത്തുകുടി വീട്
അല്ലപ്ര പി.ഒ, പെരുമ്പാവൂർ
അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ
ചീഫ് ടൗൺ പ്ളാനർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള , തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ